# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കുഴൂര് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ (പി 4)1988/2022.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 16/12/2022
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കുഴൂര് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കുഴൂര് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുഴൂര് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ (പി 4)1988/2022. തീയ്യതി: 16/12/2022

## തൃശ്ശൂർ ജില്ലയിലെ കുഴൂര് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ കുഴൂര് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 17-06-2021 മുതൽ 08-11-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2021 മുതൽ 31-03-2022 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 17 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.സതീശൻ.എൻ | ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ) | 09-11-2022 | 18-11-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 09-11-2022 | 18-11-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.ബിത.ടി.എസ്,ഓഡിറ്റ് ഓഫീസർ

ശ്രീ.നിർമ്മൽ.കെ.ജി,ഓഡിറ്റ് ഓഫീസർ

ശ്രീ.സലീഷ്.എം.ജി.അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീമതി.ധന്യ ദിലീപ്.ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.പോൾ കെ.പി | പ്രസിഡന്റ് | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.സുനിൽകുമാർ കെ.യു | സെക്രട്ടറി | 01-04-2021 | 31-03-2022 |
| ശ്രീമതി.ജമീല .പി. എം | അസി.എഞ്ചിനീയർ | 01-04-2021 | 24-02-2022 |
| ശ്രീമതി.സുനിജ.കെ.വി | അസി.എഞ്ചിനീയർ | 25-02-2022 | 10-03-2022 |
| ശ്രീമതി.വിദ്യ.ഒ.കെ | അസി.എഞ്ചിനീയർ | 11-03-2022 | 31-03-2022 |
| ശ്രീ.ലാൽസുന.പി.കെ | കൃഷി ഓഫീസർ | 01-04-2021 | 25-05-2021 |
| ശ്രീ.തോമസ്.പി.ഒ | കൃഷി ഓഫീസർ | 26-05-2021 | 31-03-2022 |
| ഡോ.സുധ മേനോൻ | മെഡിക്കൽ ഓഫീസർ,ആയുർവേധം | 01-04-2021 | 31-03-2022 |
| ഡോ.സന്ധ്യ ദേവി | മെഡിക്കൽ ഓഫീസർ എഫ്.എച്ച്.സി | 01-04-2021 | 31-03-2022 |
| ഡോ.ജിഷ്ണു.വി.പി | മെഡിക്കൽ ഓഫീസർ,ഹോമിയോ | 01-04-2021 | 31-03-2022 |
| ശ്രീമതി.ദീപ.വി.എസ് | വെറ്ററിനറി സർജൻ | 01-04-2021 | 01-03-2022 |
| ശ്രീ.നിഖിൽ.പി.വി | വി.ഇ ഒ.,കുഴൂർ സർക്കിൾ | 01-04-2021 | 09-01-2022 |
| ശ്രീമതി.രോഷ്നി അരവിന്ദ് | വി.ഇ ഒ.,കുഴൂർ സർക്കിൾ | 10-01-2022 | 10-02-2022 |
| ശ്രീ.മുരളി.വി.പി | വി.ഇ ഒ.,കുഴൂർ സർക്കിൾ | 11-02-2022 | 31-03-2022 |
| ശ്രീ.മുരളി.വി.പി | വി.ഇ ഒ.,കുണ്ടർ സർക്കിൾ | 01-04-2021 | 09-01-2022 |
| ശ്രീമതി.രോഷ്നി അരവിന്ദ് | വി.ഇ ഒ.,കുണ്ടർ സർക്കിൾ | 10-01-2022 | 10-02-2022 |
| ശ്രീ.മുരളി.വി.പി | വി.ഇ ഒ.,കുണ്ടർ സർക്കിൾ | 11-02-2022 | 31-03-2022 |
| ശ്രീമതി.ശാന്ത പി.വി | എച്ച്.എം,ജിഎഫ്.യു.പി.എസ്,കുണ്ടർ | 01-04-2021 | 31-03-2022 |
| ശ്രീമതി.ഡിനി വിൻസെന്റ് | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ശ്രീമതി.ലീന തോമസ് | അസി.ഫിഷറീസ് എക്സ്റ്റൻഷൻ | 01-04-2021 | 30-11-2021 |

| | | | |
|---|---|---|---|
| | ഓഫീസർ | | |
| ശ്രീമതി.ജിബിന എം.എം | അസി.ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-12-2021 | 31-03-2022 |
| ശ്രീമതി.നിഷ . സി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 31-03-2022 |
| ശ്രീമതി.ഗ്രേസി. കെ.കെ | അസി.സെക്രട്ടറി | 01-04-2021 | 09-07-2021 |
| ശ്രീ.അബ്ദുൾ ബാബു.പി.ഐ | അസി.സെക്രട്ടറി | 10-07-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | ക്ഷേമപെൻഷനുകൾ | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | അടിസ്ഥാന അനുപാതങ്ങൾ സംബന്ധിക്കുന്ന പത്രികകൾ ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല | 1-10 |
| 11 | വസ്തു നികുതി-റെസിഡൻഷ്യൽ - രജിസ്റ്ററും വാർഷികകണക്കും തമ്മിൽ പൊരുത്തപ്പെടുന്നില്ല | 1-11 |
| 12 | വസ്തു നികുതി നോൺ റെസിഡൻഷ്യൽ - ഡിസിബിയും വാർഷികകണക്കും തമ്മിൽ പൊരുത്തപ്പെടുന്നില്ല. | 1-12 |
| 13 | വസ്തു നികുതി - റെസിഡൻഷ്യൽ കുടിശ്ശിക - ഡിസിബിയും വാർഷിക കണക്കും തമ്മിൽ പൊരുത്തപ്പെടുന്നില്ല. | 1-13 |
| 14 | വസ്തു നികുതി നോൺ റസിഡൻഷ്യൽ കുടിശ്ശിക -ഡിസിബിയും വാർഷികകണക്കും തമ്മിൽ പൊരുത്തപ്പെടുന്നില്ല | 1-14 |
| 15 | ലൈബ്രറി സെസ് -ഡിസിബിയും വാർഷികകണക്കും തമ്മിൽ പൊരുത്തമില്ല. | 1-15 |
| 16 | വസ്തുനികുതി,ലൈബ്രറിസെസ് എന്നിവയിലെ ഡിസിബി പത്രികയിൽ കൃത്യതയില്ല | 1-16 |
| 17 | വസ്തുനികതി -കൃത്യ സമയത്ത് ഡിമാന്റ് എൻട്രി രേഖപ്പെടുത്തുന്നില്ല. | 1-17 |
| 18 | അക്രൂവൽ അടിസ്ഥാനത്തിലുള്ള വരവുകൾക്ക് പ്രതിമാസ ഡിമാന്റ് രേഖപ്പെടുത്തുന്നില്ല | 1-18 |
| 19 | ഡി&ഓ അഡ്വാൻസ് കളക്ഷൻ തുകകൾ ഡിമാന്റ് രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല. | 1-19 |
| 20 | സംശയാസ്പദമായ തുകകൾക്ക് അക്കൌണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല. | 1-20 |

| | | |
|---|---|---|
| 21 | രേഖകളില്ലാതെ ജേണൽ എൻട്രികൾ -ചെലവ് എഴുതിത്തള്ളലും വരുമാനമായി ക്രമീകരിക്കലും | 1-21 |
| 22 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. | 1-22 |
| 23 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് - ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല. | 1-23 |
| 24 | ഡിപ്രിസിയേഷൻ കണക്കാക്കിയതിന്റെ വർക്ക്ഷീറ്റ്,ജേണൽ വൗച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല. | 1-24 |
| 25 | ക്ലോസിങ് സ്റ്റോക്ക് ഭൗതിക പരിശോധന നടത്തിയിട്ടില്ല | 1-25 |
| 26 | കാലാവധി കഴിഞ്ഞ ചെക്കുകൾ " Liability In Respect Of Stale Cheque" എന്ന ബാധ്യത ശീർഷകത്തിലേയ്ക്ക് മാറ്റിയില്ല | 1-26 |
| 27 | Capital Work In Progress - എന്ന ശീർഷകത്തിൽ ചേർത്തിരിക്കുന്ന തുക പാർട്ട് ബില്ലുകളുടെ തുകയുമായി പൊരുത്തപ്പെടുന്നില്ല | 1-27 |
| 28 | വികസന/മെയിന്റനൻസ് ഫണ്ടുകളുടെ ചെലവ് സാംഖ്യ എ.സി.ആറിലും ധനകാര്യ പത്രികയിലും വത്യസ്തമായിരിയ്ക്കുന്നു. | 1-28 |
| 29 | ഡേ ബുക്ക്, ക്യാഷ് ബുക്ക് എന്നിവ പൊരുത്തപ്പെടുന്നില്ല | 1-29 |
| 30 | മൊബൈൽ ടവർ അനുമതിയില്ലാതെ പ്രവർത്തിക്കുന്നു | 1-30 |
| 31 | ലേലം-തുടർനടപടികൾ അറിയിക്കേണ്ടതാണ് | 1-31 |
| 32 | സഞ്ചയ ഫോം 6, പ്ലാൻ എന്നിവയിലെ വിസ്തീർണ്ണങ്ങൾ പൊരുത്തപ്പെടുന്നില്ല-അപാകത പരിഹരിക്കേണ്ടതാണ് | 1-32 |
| 33 | ചെക്ക് നൽകി ദിവസങ്ങൾക്ക് ശേഷം വൗച്ചർ എഴുതുന്നു | 1-33 |
| 34 | മരുന്ന് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് | 1-34 |
| 35 | പരസ്യ ചെലവ്:15% ഡിസ്കൗണ്ട് ലഭ്യമാക്കിയില്ല. | 1-35 |
| 36 | വെണ്ണൂർ തുറ ജലാശയ സംരക്ഷണം-അതിർത്തി നിർണ്ണയവും ബൗണ്ടറി സ്ഥാപിയ്ക്കലും പദ്ധതി | 1-36 |
| 37 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല | 1-37 |
| 38 | സാമൂഹ്യ സുരക്ഷാ പെൻഷൻ | 1-38 |
| 39 | ലൈഫ് ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല | 1-39 |
| 40 | ഹരിത കർമ്മസേന-വാതിൽപടി ശേഖരണം -വീടുകളുടെ പങ്കാളിത്തം കുറവ് | 1-40 |
| 41 | ക്ലീൻ കുഴൂർ-പ്ലാസ്റ്റിക് മാലിന്യം കൈമാറിയതിന് നൽകിയ തുകയും,കൈമാറിയ മാലിന്യത്തിന്റെ അളവും പൊരുത്തപ്പെടുന്നില്ല. | 1-41 |
| 42 | കന്നു കുട്ടി പരിപാലനം - പദ്ധതി അവസാനിയ്ക്കുന്ന മുറയ്ക്ക് ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. | 1-42 |
| 43 | വെറ്ററിനറി ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ പ്രൊജക്റ്റ് - സ്റ്റോക്ക് രജിസ്റ്റർ അപാകതകൾ | 1-43 |
| 44 | ഹെഡ്മിസ്ട്രസ്സ് നിർവ്വഹണം നടത്തിയ നീന്തൽ പരിശീലനം പദ്ധതി - | 1-44 |

| | | |
|---|---|---|
| | മാർഗ്ഗരേഖ, പ്രോജക്ട് നിർദ്ദേശങ്ങൾക്ക് അനുസൃതമല്ലാത്ത നിർവ്വഹണം | |
| 45 | പൂതിരുത്തി മുട്ടക്കടവ് റോഡ് മണ്ണ് ഫില്ലിംഗ് - അനുബന്ധ പ്രവ്യത്തികൾ നടത്തിയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്. | 1-45 |
| 46 | സഹൃദയ റോഡ് കലുങ്ക് നിർമ്മാണവും സൈഡ് കെട്ടി സംരക്ഷണവും വാർഡ് 10-dismantled Material ന്റെ വിനിയോഗ വിവരം അളവു പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല. | 1-46 |
| 47 | മരാമത്തു പ്രവൃത്തികളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട ഭരണസമിതി തീരുമാനങ്ങൾ - തുടർ നടപടി വിവരം രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്. | 1-47 |
| 48 | ടെണ്ടർ നടപടികൾ പൂർത്തിയാക്കി എഗ്രിമെന്റ് വരെ എത്തിയ പ്രവൃത്തികൾ ഉപേക്ഷിക്കുന്ന പ്രവണത ഒഴിവാക്കേണ്ടതാണ്. | 1-48 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിരനിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹ്യത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 8 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 9 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

| | | |
|---|---|---|
| ബജറ്റ് പാസ്സാക്കിയ തീയതി, കമ്മിറ്റി തീരുമാനം | 16.02.2021, തീരുമാനം നം.1[1] | |
| പ്രതീക്ഷിത വരവ്,ചെലവ് എന്നിവ | വരവ് | ചെലവ് |
| | 206213344 | 19918639 |
| റിവൈസ്ഡ് ബജറ്റ് പാസ്സാക്കിയ തീയതി,കമ്മിറ്റി തീരുമാനം | 29.01.2022, തീരുമാനം നം. 1[1] | |
| പ്രതീക്ഷിത വരവ്, ചെലവ് എന്നിവ | വരവ് | ചെലവ് |
| | 214262591 | 207167886 |

### 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2022 | 31.05.2022 |

### 1-3 സാമ്പത്തിക വിശകലനം

(സംക്ഷിപ്ത വിവരം)

| - | തുക (രൂപ) |
|---|---|
| മുന്നിരിപ്പ് | 16346985.00 |
| ഓഡിറ്റ് വർഷത്തെ വരവ് | 61709724.00 |
| ആകെ | 78056709.00 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 62488960.00 |
| നീക്കിയിരിപ്പ് | 15567749.00 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 11875515 | 11875515 | 11155995 | 719520 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 4237034 | 4237034 | 3851334 | 385700 |
| വികസന ഫണ്ട്-ടി.എസ്.പി(ACR പ്രകാരം) | 0 | 2900 | 2900 | 0 | 2900 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 14568000 | 14568000 | 10297805 | 4270195 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 4870979 | 4870979 | 3688580 | 1182399 |
| സെൻട്രൽ ഫിനാൻസ് | 0 | 8383597 | 8383597 | 6863494 | 1520103 |

| | | | | | |
|---|---|---|---|---|---|
| കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | | | | |

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചവ (എണ്ണം) | അടങ്കൽ (തുക) | നടപ്പിലാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പിലാക്കിയത് | നടപ്പിലാക്കാത്തത് | പൂർത്തീകരിച്ചതിന്റെ ശതമാനം |
|---|---|---|---|---|---|---|
| 202 | 70217035 | 143 | 43822939 | 12 | 47 | 70.79% |

## 1-6 ക്ഷേമപെൻഷനുകൾ

| പദ്ധതിയുടെ പേര് | ചെലവ് തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിതവേതനം | - | - |
| കർഷകതൊഴിലാളി പെൻഷൻ | 8077000.00 | 522 |
| വിധവാ പെൻഷൻ | 15155700.00 | 996 |
| വാർദ്ധക്യകാല പെൻഷൻ | 26893300.00 | 2090 |
| വികലാംഗ പെൻഷൻ | 4559700.00 | 287 |
| 50 വയസ്സിന് മേൽപ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1297900.00 | 81 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 240000.00 | 8 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 652 | 740712 | 741364 | 741364 | 0 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 20628595 | 20628595 | 20628595 | 0 |

ആകെ ചെലവ് 741364+20628595=21369959 രൂപയിൽ 21075780 രൂപ റവന്യൂചെലവും 294179 രൂപ മൂലധനചെലവുമാണ്

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10-11-2022 തീയതിയിൽ 3:30 PM ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ഡേ ബുക്ക് പ്രകാരമുള്ള 723/- രൂപ ക്യാഷ് ബാലൻസ് ബോധ്യപ്പെട്ടു. എന്നാൽ ക്യാഷ് ബുക്ക്, ഡേ ബുക്ക് എന്നിവ തമ്മിൽ പൊരുത്തമില്ല (ഖണ്ഡിക 1-29 കാണുക).

## 1-9 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണ സംവിധാനത്തിൽ പരിശോധനയുടെ ഭാഗമായി കണ്ട അപാകതകൾ ഈ റിപ്പോർട്ടിലെ ഭാഗം 1 ഖണ്ഡികകളിൽ പ്രതിപാദിച്ചിട്ടുണ്ട്.

## 1-10 അടിസ്ഥാന അനുപാതങ്ങൾ സംബന്ധിക്കുന്ന പത്രികകൾ ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല

1.വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ സംബന്ധിക്കുന്ന പത്രിക ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011,ചട്ടം 62 (എഫ്))

2.സർക്കാർ ഉത്തരവ് (കൈ) 16/21 ത.സ്വ.ഭ.വ തീ 23/1/21 പ്രകാരം വാർഷിക കണക്കുകളോടൊപ്പം നിർബന്ധിതമാക്കിയിരുന്ന ഗ്രാന്റ് സ്റ്റേറ്റ്മെന്റ് ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. (ഓഡിറ്റ് എൻക്വയറി നം.09/14/11/21)

## 1-11 വസ്തു നികുതി-റെസിഡൻഷ്യൽ - രജിസ്റ്ററും വാർഷികകണക്കും തമ്മിൽ പൊരുത്തപ്പെടുന്നില്ല

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "സാംഖ്യ"യിൽ ഡിമാന്റ് ആയി ചേർക്കുന്നത്.വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "സാംഖ്യ" സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്,കളക്ഷൻ,നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "സാംഖ്യ" സോഫ്റ്റ്‌വെയർ -ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും , ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

തൻവർഷം

2.1.1റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 1686579 | 1679145 | 12393 | 599 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 1686579 | 1679145 | 13962 | *599 |
| | (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | (350410101-Advance Collection-PT On Res. Bldg-ന്റെ ലെഡ്ജർ) | *(629 /105X100)= 599 (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു |

## 1-12 വസ്തു നികുതി നോൺ റെസിഡൻഷ്യൽ - ഡിസിബിയും വാർഷികകണക്കും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 1021421 | 961773 | 6284 | 54347 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 1021421 | 956502 | 1730 | *54347 |
| | (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ | (350410104-Advance Collection-PT On NR | *( 57065 /105X100) (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ |

| | | | | |
|---|---|---|---|---|
| | | ആർ.പി-43) | Bldg-ന്റെ ലെഡ്ജർ) | ബി-15) |

## 1-13 വസ്തു നികുതി - റെസിഡൻഷ്യൽ കുടിശ്ശിക - ഡിസിബിയും വാർഷിക കണക്കും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 5428 | 4819 | 609 |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | 1350 * | 4819 | **609 |
| | *(2020-21 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (1418 + 0 = 1418/105*100) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | **(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (640/105X100)=609 |

## 1-14 വസ്തു നികുതി നോൺ റസിഡൻഷ്യൽ കുടിശ്ശിക -ഡിസിബിയും വാർഷികകണക്കും തമ്മിൽ പൊരുത്തപ്പെടുന്നില്ല

നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 165256 | 8332 | 156927 |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | 165266 | 8332 | 156927 |
| | (2020-21 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) *(65827+107703=173530/105*100) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | **(164776/105X100)=156929, ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു. (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

## 1-15 ലൈബ്രറി സെസ് -ഡിസിബിയും വാർഷികകണക്കും തമ്മിൽ പൊരുത്തമില്ല.

ലൈബ്രറി സെസ്സ് (തൻവർഷം +കുടിശ്ശിക)

| | | ഡിമാന്റ് | | | കളക്ഷൻ | | | മുൻകൂർ ക്രമീകരിച്ചത് | ഡിമാന്റ് കുറവ് ചെയ്തത് | ബാക്കി | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | തൻവർഷം | കുടിശ്ശിക | ആകെ | തൻവർഷം | കുടിശ്ശിക | ആകെ | | | തൻവർഷം | കുടിശ്ശിക | ആകെ |
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | റെസിഡൻഷ്യൽ | 86593 | 273 | 86866 | 85247 | 242 | 85489 | 1135 | | 30 | 31 | 60 |
| | നോൺ-റെസിഡൻഷ്യൽ | 51594 | 8274 | 59868 | 48478 | 422 | 48900 | 392 | | 2718 | 7849 | 10566 |
| | ആകെ | | | 146734 | | | 134389 | 1527 | | 10626 | | |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | | 146524 | | | 134389 | | | | 136103 | 10626 | | |
| | | 8337+138187 =(2020-21ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ, ബി-15,431910101 -State Govt . Cess/levies ലെഡ്ജർ 2021-22) | | | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-36(വരവ്)) | | | | (431910101 -State Govt . Cess/levies...... ലെഡ്ജർ 2021-22) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) | | |

## 1-16 വസ്തുനികുതി,ലൈബ്രറിസെസ് എന്നിവയിലെ ഡിസിബി പത്രികയിൽ കൃത്യതയില്ല

"സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് – (കളക്ഷൻ + ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല

## 1-17 വസ്തുനികുതി -കൃത്യ സമയത്ത് ഡിമാന്റ് എൻട്രി രേഖപ്പെടുത്തുന്നില്ല.

1/4/2021 ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2021-22 ൽ അസസ്സ്ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള,അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സ്മെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എന്ട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു.ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക്ക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്.2021-22 വർഷത്തിൽ കുഴൂർ ഗ്രാമപഞ്ചായത്തിൽ 97 പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്. എന്നാൽ 2021-22 ലെ “110100101-Property Tax On Residential Buiding”എന്ന ശീർഷകത്തിലേയും “110100103-Property Tax On Non Residential Buiding” എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2021-22 സാമ്പത്തിക വർഷത്തെ ഡിമാന്റ് ഒരു തവണ മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൌച്ചറുകളും ഇല്ല. “സഞ്ചയ" സോഫ്റ്റ് വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു. ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതിഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൌച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-18 അക്രൂവൽ അടിസ്ഥാനത്തിലുള്ള വരവുകൾക്ക് പ്രതിമാസ ഡിമാന്റ് രേഖപ്പെടുത്തുന്നില്ല

2021-22 ൽ അസസ്സ്ചെയ്യപ്പെടുന്ന അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക്ക്ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. എന്നാൽ മേൽ പ്രകാരം സെക്രട്ടറി രേഖാമൂലം പ്രതിമാസപത്രികയും അനുബന്ധകണക്കുകളും തയ്യാറാക്കാതെ ഒറ്റത്തവണയായി ഡിമാന്റ്/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്ത വരവിനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വരവിനം | ഡിമാന്റ് ചേർക്കുന്ന ശീർഷകം | ഡിമാന്റ് | രേഖപ്പെടുത്തിയ തീയ്യതി | വൗച്ചർ |
|---|---|---|---|---|---|
| 1. | കെട്ടിടങ്ങളിൽ നിന്നുള്ള വാടക(12 കെട്ടിടങ്ങൾ) | 130100101-Rent From Building | 385473 | 1/4/2021 | 42100231 |

ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ അക്രൂവൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും ഡിമാന്റ് എൻട്രികൾ/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

### 1-19 ഡി&ഓ അഡ്വാൻസ് കളക്ഷൻ തുകകൾ ഡിമാന്റ് രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 "Other Liabilities" എന്ന ശീർഷകം പ്രകാരം ഡി&ഓ ലൈസൻസ് ഫീസിനത്തിൽ മുൻകൂർ ആയി തുക ലഭിച്ചിട്ടുണ്ട്. എന്നാൽ ഡിമാന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയ കണക്കുകൾ ബാലൻസ്ഷീറ്റുമായി പൊരുത്തപ്പെടുത്തിയിട്ടില്ല.

| ഇനം | 2022-23 ലേക്കുള്ള അഡ്വാൻസ് കളക്ഷൻ രജിസ്റ്റർ പ്രകാരം | 2022-23 ലേക്കുള്ളഅഡ്വാൻസ് കളക്ഷൻ AFS-B-9 ഷെഡ്യൂൾ പ്രകാരം |
|---|---|---|
| ലൈസൻസ് ഫീസ് | 108850 | 110850 |

### 1-20 സംശയാസ്പദമായ തുകകൾക്ക് അക്കൌണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം വസ്തുനികുതി ഇനത്തിലും, വാടകയിനത്തിലും കുടിശ്ശിക ഉണ്ട്. എന്നാൽ നികുതി, നികുതിയെതര കുടിശ്ശിക വർഷാടിസ്ഥാനത്തിൽ കണക്കാക്കി, സർക്കാർ ഉത്തരവ് 152/2011/ത.സ്വ.ഭ.വ തീ. 26/7/2011, കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011 (ചട്ടം58(4)എച്ച്) എന്നിവ പ്രകാരം ലഭ്യത സംശയാസ്പദമായ തുക കണക്കാക്കി ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

### 1-21 രേഖകളില്ലാതെ ജേണൽ എൻട്രികൾ -ചെലവ് എഴുതിത്തള്ളലും വരുമാനമായി ക്രമീകരിക്കലും

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് (ഐ-18) പ്രകാരം "280000000-Prior Period Item" എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ I-18) | 31/3/2022ലെ ലെഡ്ജർ ബാക്കി |
|---|---|
| 280100101-Prior Period Income -Property Tax On Residential Buildings | (4078) |
| 280100104-Prior Period Income-Property Tax On Non Residential Buildings | 2829 |
| 280200401-Prior Period Income-Other Income | (31150) |
| 280600499-Prior Period-Expenses-Remission And Refund-Other Incomes | (210777) |
| 280800701-Prior Period Miscellaneous Expenses | (2815949) |

### 1-22 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്. ആസ്തി രജിസ്റ്റർ കാലികമാക്കി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

### 1-23 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് - ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2021-22 കാലയളവിലെ "Net Increase/(decrease) In Cash And Cash Equivents"

ആയി രേഖപ്പെടുത്തിയിരിക്കുന്നത് (779236)രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2021-22 കാലയളവിൽ "Net Cash Generated/(used Up) By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 1476330/-രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

## 1-24 ഡിപ്രിസിയേഷൻ കണക്കാക്കിയതിന്റെ വർക്ക്ഷീറ്റ്,ജേണൽ വൗച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല.

2021-22 വർഷത്തെ Income And Expenditureപത്രിക പ്രകാരം 4087423 രൂപ ഡിപ്രിസിയേഷൻ കണക്കാക്കിയിട്ടുണ്ട്. എന്നാൽ ഇവ കണക്കാക്കിയതിന്റെ വർക്ക്ഷീറ്റ്, ജേണൽ വൗച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല.

## 1-25 ക്ലോസിങ് സ്റ്റോക്ക് ഭൗതിക പരിശോധന നടത്തിയിട്ടില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-14 പ്രകാരം ആയി 45321/- രൂപയുടെ ക്ലോസിങ് സ്റ്റോക്ക് ഉണ്ട്. സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തി സാക്ഷ്യപത്രം രേഖപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 58, 4(എ))

## 1-26 കാലാവധി കഴിഞ്ഞ ചെക്കുകൾ " Liability In Respect Of Stale Cheque" എന്ന ബാധ്യത ശീർഷകത്തിലേയ്ക്ക് മാറ്റിയില്ല

താഴെ ചേർത്തിരിക്കുന്ന കാലാവധി കഴിഞ്ഞ ചെക്കുകൾ " Liability In Respect Of Stale Cheque" എന്ന ബാധ്യത ശീർഷകത്തിലേയ്ക്ക് മാറ്റി ബാങ്ക് ബുക്ക് നീക്കിയിരിപ്പ് ക്രമീകരിച്ചിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011(ചട്ടം 46)). ആയത് ക്രമീകരിക്കേണ്ടതാണ്.

SBI-67010538891

| ചെക്ക് നമ്പർ | തീയതി | തുക |
|---|---|---|
| 834952 | 16/07/18 | 400 |
| 506795 | 18/05/20 | 3000 |
| 506726 | 13/03/20 | 1000 |
| 834899 | 15/05/18 | 1125 |
| 812747 | 16/01/18 | 350 |

## 1-27 Capital Work In Progress - എന്ന ശീർഷകത്തിൽ ചേർത്തിരിക്കുന്ന തുക പാർട്ട് ബില്ലുകളുടെ തുകയുമായി പൊരുത്തപ്പെടുന്നില്ല

അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ പ്രോജക്ടുകളിൽ 31/3/22 വരെ പാർട്ട് ബിൽ നല്കിയതും എന്നാൽ 31/3/2022 ൽ പണിപൂർത്തീകരിക്കാത്തതുമായ പ്രവൃത്തികളുടെ തുക 1678257/- രൂപയാണ്. എന്നാൽ 31/3/2022 ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ പ്രകാരം Capital Work In Progress എന്ന ശീർഷകത്തിൽ ചേർത്തിരിക്കുന്ന തുക 122316/- രൂപയാണ്.

## 1-28 വികസന/മെയിന്റനൻസ് ഫണ്ടുകളുടെ ചെലവ് സാംഖ്യ എ.സി.ആറിലും ധനകാര്യ പത്രികയിലും വത്യസ്തമായിരിക്കുന്നു.

വികസന/മെയ്ന്റനൻസ് ഫണ്ടുകളുടെ ചെലവ് സാംഖ്യ എ .സി.ആറിലും ധനകാര്യ പത്രികയിലും വത്യസ്തമായിരിക്കുന്നു.

| ഫണ്ടിനം | എ.സി.ആർ പ്രകാരം ചെലവ് | ധനകാര്യ പത്രികRP-7 പ്രകാരം ചെലവ് |
|---|---|---|
| വികസനഫണ്ട്-ജനറൽ | 11155995 | 11095794 |
| മെയ്ന്റനൻസ് ഫണ്ട് -Roads | 10297805 | 9489079 |
| മെയ്ന്റനൻസ് ഫണ്ട് -NR | 3688580 | 3393649 |

## 1-29 ഡേ ബുക്ക്, ക്യാഷ് ബുക്ക് എന്നിവ പൊരുത്തപ്പെടുന്നില്ല

ഓഡിറ്റിന്റെ ഭാഗമായി 10/11/2022 തീയതിയിൽ ക്യാഷ് വെരിഫിക്കേഷൻ നടത്തിയപ്പോൾ ഡേ ബുക്ക് പ്രകാരമുള്ള തുക 723 രൂപയും ക്യാഷ് ബുക്ക് പ്രകാരമുള്ള തുക 1723 രൂപയും ആണ്. ഡേ ബുക്കും ക്യാഷ് ബുക്കും തമ്മിൽ 1000 രൂപയുടെ വ്യത്യാസം വന്നതു സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നം.5/14-11-2022) ലഭ്യമായ മറുപടിയിൽ 1000 രൂപ 20/9/2022 തീയതിയിലെ ക്യാൻസൽ ചെയ്ത 13202/22-ാം നമ്പർ രസീതി പ്രകാരമുള്ള ഔട്ട്ഡോർ കളക്ഷൻ തുകയാണെന്നും ആയത് ഓഫീസ് നടപടി ക്രമങ്ങളിലൂടെ ക്യാൻസൽ ചെയ്യാൻ ശ്രമിച്ചിട്ട് നാളിതുവരെ സാധിച്ചില്ലെന്നും IKM ൽ പരാതി രജിസ്റ്റർ ചെയ്തെങ്കിലും പ്രശ്നം പരിഹരിച്ചിട്ടില്ലെന്നും അറിയിച്ചിട്ടുണ്ട്. സാങ്കേതിക തകരാർ പരിഹരിക്കുന്നമുറയ്ക്ക് ഡേ ബുക്ക്, ക്യാഷ് ബുക്ക് എന്നിവയുടെ പൊരുത്തക്കേട് പരിഹരിക്കപ്പെടുമെന്നും അറിയിച്ചിട്ടുണ്ട്. അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-30 മൊബൈൽ ടവർ അനുമതിയില്ലാതെ പ്രവർത്തിക്കുന്നു

പഞ്ചായത്ത് പരിധിയിൽ അനുമതിയില്ലാതെ പ്രവർത്തിക്കുന്ന മൊബൈൽ ടവറുകളുടെ ലിസ്റ്റ് തയ്യാറാക്കുന്നതിനും നിയമാനുസൃതം അനുമതി നല്കുന്നതിനും വസ്തുനികുതി ഈടാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിരുന്നു. (8/6/2021 ലെ അജണ്ട : 9, കമ്മിറ്റി തീരുമാനം നം: 1). ഇതിന്റെ തുടർനടപടികൾ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നം.12/16-11-2022) വാർഡ് 11 ൽ അനുമതിയില്ലാതെ പ്രവർത്തിക്കുന്ന Indus Towers Ltd ന്റെ രണ്ട് മൊബൈൽ ടവറുകൾക്ക് 16/10/2021 തീയതിയിലെ എ1-4572/2021 നമ്പർ കത്ത് നല്കിയതിന്റെ അടിസ്ഥാനത്തിൽ വാക്കയിൽ ദേവകിയമ്മ മകൾ സാവിത്രിയമ്മ എന്നവരുടെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് പ്രവർത്തിക്കുന്ന ടവർ, 2022-23 വർഷത്തിൽ രേഖകൾ സമർപ്പിക്കുകയും, 11/299എ എന്ന നമ്പർ അനുവദിച്ച് 15184/- രൂപ വസ്തുനികുതി നിർണ്ണയിക്കുകയും ഡിമാന്റ് നോട്ടീസ് അയക്കുകയും ചെയ്തിട്ടുണ്ടെന്ന് മറുപടി ലഭ്യമായിട്ടുണ്ട്. എന്നാൽ കുന്നപ്പിള്ളിശ്ശേരി കളരിക്കൽ ഗോപാലക്കുറുപ്പ് മകൻ വേണു എന്നവരുടെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് പ്രവർത്തിക്കുന്ന അനധികൃത ടവറിന് നമ്പർ അനുവദിക്കുന്നതിന് വേണ്ട നടപടികൾ ആരംഭിച്ചിട്ടില്ല. ടി ടവർ അധികൃതമാക്കുന്നതിനുവേണ്ട ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ ടവറുകൾ അനധികൃമായി പ്രവർത്തിച്ച കാലയളവിലെ നികുതി (16/10/2021 മുതൽ) ചട്ടപ്രകാരം പിഴ സഹിതം ഈടാക്കേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-31 ലേലം-തുടർനടപടികൾ അറിയിക്കേണ്ടതാണ്

14/2/2022 ലെ അജണ്ട : 9 കമ്മിറ്റി തീരുമാനം നം : 1 പ്രകാരം കാക്കളിശ്ശേരി മൃഗാശുപത്രിയുടെ മുകളിലേക്ക് ചാഞ്ഞുനില്ക്കുന്ന 2 മഹാഗണി മരങ്ങൾ വെട്ടിമാറ്റുന്നതിന് ക്വട്ടേഷൻ സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ തുടർനടപടികൾ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നം.12/16-11-2022) 17/11/2021 ലെ ട്രീ കമ്മിറ്റി അജണ്ട 2 തീരുമാനപ്രകാരം രണ്ട് മഹാഗണി മരങ്ങളും വെട്ടിമാറ്റിയിട്ടുള്ളതാണെന്ന് മറുപടി ലഭ്യമായിട്ടുണ്ട്. എന്നാൽ വെട്ടിമാറ്റിയ മഹാഗണിമരങ്ങൾ ലേലം നടത്തിയിട്ടില്ല. മഹാഗണിമരങ്ങളുടെ ലേലം നടത്തി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-32 സഞ്ചയ ഫോം 6, പ്ലാൻ എന്നിവയിലെ വിസ്തീർണ്ണങ്ങൾ പൊരുത്തപ്പെടുന്നില്ല-അപാകത പരിഹരിക്കേണ്ടതാണ്

1. ഫയൽ നമ്പർ :A1/5570/2021

സലിം, പ്ലാക്കൽ ഹൗസ്, കൊച്ചുകടവ് എന്നവർക്ക് A1-BA(44866)2022, തീയതി.5/2/2022 പെർമിറ്റ് പ്രകാരം 215.56 എം$^2$ വിസ്തീർണ്ണമുള്ള കൊമേഴ്സ്യൽ കെട്ടിടം പണിയുന്നതിന് അനുമതി നല്കിയിട്ടുണ്ട്. പ്ലാനിൽ രേഖപ്പെടുത്തിയിരിക്കുന്ന വിവരങ്ങൾ ചുവടെ ചേർക്കുന്നു.

Existing Shop 1 - 23.27 എം$^2$

Existing Shop 1 - 23.28 എം$^2$

Proposed Area - 215.56 എം$^2$

നിലവിലുള്ള കെട്ടിടങ്ങളുടെ സഞ്ചയ പ്രകാരമുള്ള വിസ്തീർണ്ണം 16 എം$^2$ വീതമാണ്. പ്ലാൻ പ്രകാരവും സഞ്ചയ പ്രകാരവുമുള്ള വിസ്തീർണ്ണങ്ങൾ വ്യത്യാസപ്പെട്ടിരിക്കുന്നു.

2. ഫയൽ നമ്പർ : A3/2503/2021

മേരി ആന്റ് അതേഴ്സ്, കോലഞ്ചേരി ഹൗസ് പെർമിറ്റിനായി സമർപ്പിച്ച ഫയൽ പരിശോധനയിൽ 17/6/2021 ലെ A3-

BA(124326)2021, നമ്പർ പെർമിറ്റ് പ്രകാരം 194.07എം$^2$ വിസ്തീർണ്ണമുള്ള റെസിഡൻഷ്യൽ കെട്ടിടം നിർമ്മിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. അസിസ്റ്റന്റ് എഞ്ചിനീയറുടെ വെരിഫിക്കേഷൻ റിപ്പോർട്ട് പ്രകാരമുള്ള വിവരം ചുവടെ ചേർക്കുന്നു

Existing Ground Floor Area - 100.4 എം$^2$

Existing First Floor Area - 46.58എം$^2$

Existing Shed - 25.06എം$^2$

Existing Toilet Area - 5.93എം$^2$

Proposed Area - 194.07 എം$^2$

നിലവിലുള്ള കെട്ടിടത്തിന്റെ സഞ്ചയ പ്രകാരമുള്ള വിസ്തീർണ്ണം 70.68എം$^2$, അസിസ്റ്റന്റ് എഞ്ചിനീയറുടെ റിപ്പോർട്ട് പ്രകാരമുള്ള വിസ്തീർണ്ണം 146.98എം$^2$ എന്നിങ്ങനെ ആണ്. കൂടാതെ ഷെഡിന് നമ്പർ നല്കിയിട്ടില്ല. അപാകതകൾ സൂചിപ്പിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തെ തുടർന്ന് (ഓഡിറ്റ് അന്വേഷണം നം.14/16-11-2022) ക്രമനമ്പർ 1 ൽ സൂചിപ്പിച്ച കെട്ടിടങ്ങളുടെ വിസ്തീർണ്ണങ്ങളിൽ മാറ്റം വരുത്തി വസ്തുനികുതി പുനർനിർണ്ണയം ചെയ്തിട്ടുണ്ടെന്നും ക്രമനമ്പർ 2 ൽ സൂചിപ്പിച്ച കെട്ടിടത്തിന്റെ സ്ഥലപരിശോധന നടത്തി ഉപയോഗക്രമം തുടങ്ങിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ നികുതി നിർണ്ണയിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. തുടർ നടപടികൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

3. സുനിൽകുമാർ, തച്ചറുകാട്ടിൽ, എരവത്തൂർ എന്നവർക്ക് 44.40 എം$^2$ കെട്ടിടം നിർമ്മിക്കുന്നതിന് അനുമതി നല്കിയിട്ടുണ്ട് (പെർമിറ്റ് നം. A3-BA(124326)2021, തീയതി. 30/11/2021).

അസിസ്റ്റന്റ് എഞ്ചിനീയറുടെ വെരിഫിക്കേഷൻ റിപ്പോർട്ട്, പ്ലാൻ എന്നിവ പ്രകാരമുള്ള വിവരം ചുവടെ ചേർക്കുന്നു

Existing Ground Floor Area - 94.86എം$^2$

Proposed First Floor Area -44.40 എം$^2$

Existing Ground Floor Area (As Per Sanchaya) - 70.68എം$^2$

നിലവിലുള്ള കെട്ടിടത്തിന്റെ സഞ്ചയ പ്രകാരമുള്ള വിസ്തീർണ്ണവും അസിസ്റ്റന്റ് എഞ്ചിനീയറുടെ റിപ്പോർട്ട് പ്രകാരമുള്ള വിസ്തീർണ്ണവും വ്യത്യാസപ്പെട്ടിരിക്കുന്നു. അപാകതകൾ സൂചിപ്പിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. (ഓഡിറ്റ് അന്വേഷണം നം.16/16-11-2022) .

## 1-33 ചെക്ക് നൽകി ദിവസങ്ങൾക്ക് ശേഷം വൗച്ചർ എഴുതുന്നു

State Bank Of India യുടെ A/c No. 67010538891 ലുള്ള ചെക്ക് ഇഷ്യൂ ചെയ്ത് ബാങ്കിൽ നിന്നും തുക പിൻവലിച്ച്, ഏറെ ദിവസങ്ങൾക്കുശേഷം വൗച്ചർ എഴുതിയിരിക്കുന്നു, ആയത് ശരിയായ നടപടിയല്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ചെക്ക് നം./തീയതി | തുക | ബാങ്കിൽ നിന്നും തുക പിൻവലിച്ച തീയതി | വൗച്ചർനം./തീയതി |
|---|---|---|---|
| 189656/5.1.2022 | 6509/- | 11/1/2022 | 22100962/22.1.2022 |
| 189664/11.1.2022 | 16808/- | 11/1/2022 | 22100987/31.1.2022 |
| 189660/5.1.2022 | 8333/- | 19/1/2022 | 22100971/24.1.2022 |
| 189666/11.1.2022 | 4000/-<br>3000/- | 15/1/2022 | 22100991/31.1.2022<br>22100992/31.1.2022 |

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011, ചട്ടം 42-(1), (2) എന്നിവ പ്രകാരം ഓരോ ക്യാഷ് പെയ്മെന്റ് വൗച്ചറിലും പണം ലഭിക്കേണ്ട വ്യക്തിയുടെ പണം കിട്ടി ബോധിച്ചു എന്ന സാക്ഷ്യപ്പെടുത്തലില്ലാതെ പണം കൊടുക്കാൻ പാടില്ലാത്തതും പണം കൊടുത്ത തീയതി സാക്ഷ്യപ്പെടുത്തലുകളിൽ നിർബന്ധമായും രേഖപ്പെടുത്തേണ്ടതുമാണ്. ആയതിനാൽ വൗച്ചറുകൾ ചട്ടപ്രകാരം കൃത്യമായി എഴുതി സൂക്ഷിക്കേണ്ടതാണ്.

## 1-34 മരുന്ന് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

പദ്ധതി നം : 16/2022

പദ്ധതിയുടെ പേര് : പി.എച്ച്.സി. കഴൂരിന് മരുന്ന് വാങ്ങൽ

വൗച്ചർ നം : 22100752/1.9.2021

തുക : 138882/-

മേൽ പദ്ധതിയിൽ Ms Lab X, ABC Diagonostics Ltd, Managing Director KMSCL എന്നിവയ്ക്കായി 138882/- രൂപ കൈമാറിയിട്ടുണ്ട്. ഇതിൽ KMSCL ന് കൈമാറിയ തുകയായ 89678/- രൂപയിൽ 71059/- രൂപയുടെ മരുന്നുകളാണ് ലഭ്യമായിട്ടുള്ളത്. ബാക്കി തുകയായ 18619/- രൂപയുടെ മരുന്ന് ലഭ്യമാക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ് (ഓഡിറ്റ് അന്വേഷണം നം.20/17-11-2022).

## 1-35 പരസ്യ ചെലവ്:15% ഡിസ്കൗണ്ട് ലഭ്യമാക്കിയില്ല.

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി 2021-22 വർഷം നടപ്പിലാക്കിയ താഴെ പറയുന്ന പദ്ധതിയിൽ പത്ര പരസ്യ ചെലവിനത്തിൽ സർക്കാർ ഉത്തരവ് (ആർടി)1/2011/ഐ പി ആർഡി തീ 4/1/11) പ്രകാരം നിർദ്ദേശിച്ച രീതിയിൽ 15% ഡിസ്കൗണ്ട് ലഭ്യമാക്കിയില്ല.വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | പദ്ധതി നം./പേര് | വൗച്ചർ നം. | തുക | പത്രം |
|---|---|---|---|---|
| 1 | പദ്ധതി ആസൂത്രണം മോണിറ്ററിംഗ്, 01/22 | 22100764/22.09.2021<br>22101318/22.11.2021<br>Cheque No. JN-3674193/22.12.2021<br>Cheque No. 5478694/30.03.3022 | 17908/-<br>19423/-<br>39728/-<br>73234/- | മാതൃഭൂമിയ്ക്കും, മലയാള മനോരമയ്ക്കുമായിട്ടാണ് തുകകൾ നൽകിയിട്ടുള്ളത്. |
| | | | 150293/- | |

15% ഡിസ്കൗണ്ട് ലഭ്യമാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 01/10.11.2022)

## 1-36 വെണ്ണൂർ തുറ ജലാശയ സംരക്ഷണം-അതിർത്തി നിർണ്ണയവും ബൗണ്ടറി സ്ഥാപിക്കലും പദ്ധതി

കാടുകുറ്റി, മാള, കുഴൂർ, അന്നമനട ഗ്രാമപഞ്ചായത്തുകളിൽ ഉൾപ്പെട്ട 2000 ൽ അധികം ഹെക്ടർ ഭൂമി കൃഷിയോഗ്യമാക്കുന്നതിനും പ്രളയത്തിന്റെ ആഘാതം ഒഴിവാക്കുന്നതിനും തൃശ്ശൂർ ജില്ലാപഞ്ചായത്ത് നേതൃത്വം നൽകുന്ന ബൃഹദ് പദ്ധതിയാണ് വെണ്ണൂർ തുറ നവീകരണം. ഈ പദ്ധതിയുടെ പ്രാരംഭപ്രവർത്തനങ്ങൾക്കായി അതിർത്തിക്കല്ല് സ്ഥാപിക്കൽ പദ്ധതി പ്രകാരം 31930/- തുക ചെലവഴിച്ചിട്ടുണ്ട്.

1.വെണ്ണൂർ തുറ തോട് സർവ്വേപദ്ധതിനമ്പർ:202/22

അടങ്കൽ-200000/-

ചെലവ്-31930/-( തനത് ഫണ്ട്)

വൗച്ചർ നമ്പർ :22101112/ 16.02.2022 7000/

22101165/04.03.2022 14300/-

22101128/18.02.2022 750/-

22101133/26.02.2022 1500/-

22101166/04.03.2022 6000/-

22101178/09.03.2022 2380/-

31930/-

ഇപ്രകാരം മുന്നൊരുക്കങ്ങൾക്കായി മാത്രം 31930/- രൂപ ചെലവഴിച്ച പദ്ധതിയുടെ പുരോഗതിയുടെ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 07 /14.11.2022)

## 1-37 വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല

താഴെ പറയുന്ന പദ്ധതിയുടെ താഴെ പറയുന്ന വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. വിശദവിവരം താഴെ കൊടുക്കുന്നു.

| പദ്ധതി നം./പേര് | വൗച്ചർ നം. | തുക |
|---|---|---|
| ഐ.കെ.എം.വിഹിതം, 23/22 | 09/21-22/19.09.2021 (ട്രഷറി ബിൽ നം.) | 56493/- |

(ഓഡിറ്റ് എൻക്വയറി നം. 06/14.11.2022)

## 1-38 സാമൂഹ്യ സുരക്ഷാ പെൻഷൻ

ഐരാണിക്കുളം തിരുമുക്കുളം സർവീസ് സഹകരണബാങ്ക് പഞ്ചായത്ത് സെക്രട്ടറിക്ക് നൽകിയ സാമൂഹ്യ സുരക്ഷാ പെൻഷൻ വാങ്ങുന്ന 2021 ഏപ്രിൽ മുതൽ 2022 ജനവരി വരെ മരണപ്പെട്ടവരുടെ ലിസ്റ്റ്, സാമൂഹ്യ സുരക്ഷാ പെൻഷൻ ഫയൽ, സേവന പോർട്ടൽ എന്നിവയുടെ പരിശോധനയിൽ മരിച്ച ആളുകൾക്ക് പലർക്കും മരണം നടന്ന് ഒരു വർഷത്തിൽ കൂടുതൽ കാലയളവിൽ പെൻഷൻ നൽകിയതായി കാണുന്നുണ്ട്. വിവരങ്ങൾ താഴെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | പെൻഷൻ(തരം) | പെൻഷൻ വിതരണം ചെയ്യാൻ കഴിയാതിരുന്നത് | ഡാറ്റാബേസിൽ നിന്നും ഒഴിവാക്കിയത് |
|---|---|---|---|
| ആന്റണി | വാർദ്ധക്യകാല പെൻഷൻ | 2020 മെയ് മുതൽ | 2021 സെപ്റ്റംബർ |
| വറീത് എം.ഡി | കർഷക തൊഴിലാളി പെൻഷൻ | 2019ഒക്ടോബർമുതൽ | 2021 സെപ്റ്റംബർ |
| ജോണി.സി.സി(അന്തോണി) | വാർദ്ധക്യകാല പെൻഷൻ | 2019ആഗസ്റ്റ് മുതൽ | 2022 ഫെബ്രുവരി |
| കൗസല്യ | വിധവ പെൻഷൻ | 2019 ഡിസംബർ മുതൽ | 2021 സെപ്റ്റംബർ |
| സ്വാമിക്കുട്ടി | വാർദ്ധക്യകാല പെൻഷൻ | 2019 ഒക്ടോബർ മുതൽ | 2022 ഫെബ്രുവരി |
| ബേബി എം.കെ | കർഷകതൊഴിലാളി പെൻഷൻ | 2020 ജൂലൈ മുതൽ | 2021 സെപ്റ്റംബർ |
| ഔസേഫ്.കെ.ടി | കർഷകതൊഴിലാളി പെൻഷൻ | 2019 ഒക്ടോബർ മുതൽ | 2021 സെപ്റ്റംബർ |
| മാലതിയമ്മ | വാർദ്ധക്യകാല പെൻഷൻ | 2020 സെപ്റ്റംബർ മുതൽ | 2021 സെപ്റ്റംബർ |
| ചെറിയാൻ | കർഷകതൊഴിലാളി പെൻഷൻ | 2019 ഒക്ടോബർ മുതൽ | 2021 സെപ്റ്റംബർ |

സർക്കാർ ഉത്തരവ് നം.97/2020/ധന,തിയതി.23.9.20 പ്രകാരം മരണപ്പെടുന്നവരുടെ വിവരങ്ങൾ അങ്കണവാടി/ആശാ വർക്കർ മുഖാന്തിരം ശേഖരിച്ച് അതാത് മാസം പെൻഷൻ ഡാറ്റാബേസിൽ നിന്നും നീക്കാൻ തദ്ദേശ സെക്രട്ടറിമാർ ബാധ്യസ്ഥരാണ്. എന്നാൽ മേൽ സൂചിപ്പിച്ച പട്ടികയിൽ നിന്നും മരണപ്പെട്ടവരെ പെൻഷൻ ഡാറ്റാബേസിൽ നിന്നും കൃത്യസമയത്ത് ഒഴിവാക്കിയിട്ടില്ല എന്ന് വ്യക്തമാണ്.

2.വാർദ്ധക്യകാല പെൻഷൻ ലഭിച്ചിരുന്ന കുഴൂർ ഗ്രാമപഞ്ചായത്തിലെ 10-ാം വാർഡിലെ സ്ഥിരം താമസക്കാരിയായിരുന്ന അമ്മാളുഅമ്മ 16/5/2022 തീയതിയിൽ മരണപ്പെടുകയും മരണശേഷം പെൻഷൻ ബാങ്ക് അക്കൗണ്ടിൽ വരുന്നതായും സൂചിപ്പിച്ചുകൊണ്ട് ടിയാരിയുടെ മകൾ 14/7/2022 ന് പഞ്ചായത്തിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. സേവന പോർട്ടൽ മുഖേന പരിശോധിച്ചപ്പോൾ സെപ്റ്റംബർ 2022 വരെ പെൻഷൻ ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ആകുകയും സ്റ്റാറ്റസ് ആക്ടീവ് എന്നും കാണുന്നു.

അധികം നല്കിയ പെൻഷൻ തിരികെ ഈടാക്കിയതിന്റെ വിവരം, അപാകതകൾ എന്നിവ സൂചിപ്പിച്ച് നല്കിയ ഓഡിറ്റ്

അന്വേഷണം നം.17/16.11.2021 നുള്ള മറുപടിയിൽ പട്ടികയിൽ സൂചിപ്പിച്ച ഗുണഭോക്താക്കളുടെ പെൻഷൻ തുക കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻബോർഡിലേക്ക് തിരികെ അടവാക്കിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. അമ്മാളുഅമ്മ എന്നവരുടെ മരണശേഷം അക്കൗണ്ടിൽ വന്ന പെൻഷൻ തുക തിരികെ അടവാക്കുന്നതിന് കാത്തലിക് സിറിയൻ ബാങ്ക് മാനേജർക്ക് കത്ത് നല്കിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. തുക തിരികെ അടവാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. ടിയാരിയെ പെൻഷൻ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

അനർഹരുടെയും മരണപ്പെട്ടവരുടെയും വിവരം പരിശോധിച്ച് കാലതാമസം കൂടാതെ പെൻഷൻ സസ്പെൻഡ് ചെയ്യുന്നതിനും അനധികൃതമായി നൽകപ്പെട്ട തുക തിരികെ ഈടാക്കുന്നതിനും സർക്കുലർ നം. 63/2021/fin, തീ. 02.08.2021 പ്രകാരമുള്ള നിർദ്ദേശങ്ങൾ അനുസരിച്ച് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-39 ലൈഫ് ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

ലൈഫ് ഭവനനിർമ്മാണം (Sc) – പദ്ധതി നമ്പർ :04/2022

ലൈഫ് ഭവനനിർമ്മാണം ഗുണഭോക്താക്കളായ താഴെപറയുന്നവർ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

1. തങ്ക മുത്തേടത്ത് – ഇതുവരെ കൈപറ്റിയ തുക—300000 രൂപ (അവസാന ഗഡു കൈപറ്റിയ തിയതി-15.03.22), എഗ്രീമെന്റ് തിയതി- 31.10.2020

2. ബിന്ദു തോപ്പുതറ-ഇതുവരെ കൈപറ്റിയ തുക 38948 രൂപ (കൈപറ്റിയ തിയതി24.03.22), എഗ്രീമെന്റ് തിയതി-16-03-2022

3. നിജീഷ് ചെമ്പകശ്ശേരി വീട്-ഇതുവരെ കൈപറ്റിയ തുക-300000 രൂപ (അവസാന ഗഡു കൈപറ്റിയ തിയതി22.03.22), എഗ്രീമെന്റ് തിയതി-16-11-2021. ഗുണഭോക്താക്കൾ പണി പൂർത്തീകരിച്ച് വിവരം അറിയിക്കേണ്ടതാണ്. പണി പൂർത്തീകരിക്കാത്ത പക്ഷം നൽകിയ തുക തിരികെ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ :15/16.11.2022)

## 1-40 ഹരിത കർമ്മസേന-വാതിൽപടി ശേഖരണം -വീട്ടുകളുടെ പങ്കാളിത്തം കുറവ്

പദ്ധതി നമ്പർ : 84/22

ഈ പദ്ധതിയിൽ തനത്ഫണ്ടിൽ നിന്നും ഹരിത കർമ്മസേനയ്ക്ക് വയബിലിറ്റി ഗ്യാപ് ഫണ്ട് ആയി 200000 രൂപ നൽകിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ ഉള്ള ആകെ വീടുകളിൽ ഹരിത കർമ്മസേനയ്ക്ക് അജൈവ മാലിന്യം കൈമാറുകയും യൂസർ ഫീ അടവാക്കുകയും ചെയ്യുന്ന വീട്ടുകളുടെ എണ്ണം വളരെ കുറവാണ്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| തീയതി, തുക | ബില്ലിൽ പരാമർശിക്കുന്ന വാർഡുകളിലെ ആകെ വീട്ടുകളുടെ എണ്ണം | യൂസർ ഫീ അടവാക്കുന്ന വീട്ടുകളുടെ എണ്ണം | ബില്ലിൽ പരാമർശിക്കുന്ന വാർഡുകളിലെ ആകെ കടകളുടെ എണ്ണം | യൂസർ ഫീ അടവാക്കുന്ന കടകളുടെ എണ്ണം |
|---|---|---|---|---|
| 26/11/21-26026<br>22100826/29.11.21 | 636 | 26 | 40 | 0 |
| 17/12/21-17082<br>22100888/18.12.2021 | 4095 | 496 | 125 | 12 |
| 22/01/22-48607<br>22101014/24.01.22 | 2604 | 328 | 47 | 12 |
| 16/02/22-23928<br>22101114/17.02.22 | 3714 | 433 | 80 | 13 |
| 30/03/22-15719<br>22101228/31.03.22 | 3275 | 648 | രേഖപ്പെടുത്തിയിട്ടില്ല | 32 |

വാതിൽപടിശേഖരണത്തിൽ ഉൾപ്പെടുന്ന വീട്ടുകളുടെയും കടകളുടെയും എണ്ണം കുറവാണെന്ന് മേൽകണക്കുകൾ വ്യക്തമാക്കുന്നു. അജൈവമാലിന്യ സംസ്കരണം കാര്യക്ഷമമാക്കുന്നതിന് ഹരിതകർമ്മസേനയുടെ പ്രവർത്തനവുമായി

പരമാവധി വീടുകളുടെയും കടകളുടെയും സഹകരണം ഉറപ്പുവരുത്തുന്നതിനാവശ്യമായ നടപടികൾ കൈകൊള്ളേണ്ടതാണ്.(ഓഡിറ്റ് എൻക്വയറി നമ്പർ:15/16.11.22)

## 1-41 ക്ലീൻ കുഴൂർ-പ്ലാസ്റ്റിക് മാലിന്യം കൈമാറിയതിന് നൽകിയ തുകയും,കൈമാറിയ മാലിന്യത്തിന്റെ അളവും പൊരുത്തപ്പെടുന്നില്ല.

പദ്ധതി നമ്പർ : 86/22

വൗച്ചർ നമ്പർ 22101066/8.02.2022

തുക : 22302 രൂപ (തനത് ഫണ്ട്)

കുഴൂർ ഗ്രാമപഞ്ചായത്തിൽ നിന്നും 1890 കിലോഗ്രാം പ്ലാസ്റ്റിക് മാലിന്യം കൈപറ്റിയതിന് 28.10.2021 ലെ D22/SER 21-22/326 ഇൻവോയ്സ് പ്രകാരം 1കിലോഗ്രാമിന് 10 രൂപ നിരക്കിൽ സി.ജി.എസ്.ടി,എസ്.ജി.എസ്.ടി 9% വീതം ഉൾപ്പെടെ (18900 +1701+1701) ആകെ 22302 രൂപ ക്ലീൻകേരള കമ്പനി ലിമിറ്റഡിന് നൽകിയിട്ടുണ്ട്.

എന്നാൽ ക്ലീൻകേരള കമ്പനി ലിമിറ്റഡ് നൽകിയ 13.11.21 ലെ 3161 രസീതി പ്രകാരം 845.65 കിലോഗ്രാമും 30.12.21 ലെ 3161 രസീതി പ്രകാരം 642.25 കിലോഗ്രാമും, എന്നിങ്ങനെ ആകെ 1487.9 കിലോഗ്രാം പ്ലാസ്റ്റിക് മാലിന്യമാണ് കൈപറ്റിയതായിട്ടുള്ളത്.

ഇപ്രകാരം ഇൻവോയ്സിലെയും രസീതുകളിലെയും അളവിൽ 1890-1487.9 = 402.1 കിലോഗ്രാമിന്റെ വത്യാസമുണ്ട്.

ഈ വത്യാസം മൂലം 402X10 = 4020, സി.ജി.എസ്.ടി 9% = 362 രൂപ, എസ്.ജി.എസ്.ടി 9% = 362 രൂപ ആകെ 4744 രൂപ ക്ലീൻകേരള കമ്പനി അധികം കൈപറ്റിയിട്ടുണ്ട്. ഈ തുക തുടർന്ന് വരുന്ന ബില്ലുകളിൽ ക്രമീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ : 15/16.11.2022)

## 1-42 കന്നു കുട്ടി പരിപാലനം - പദ്ധതി അവസാനിക്കുന്ന മുറയ്ക്ക് ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

നിർവ്വഹണ ഉദ്യോഗസ്ഥൻ : വെറ്ററിനറി സർജൻ, പ്രോജക്ട് നം. 72/22
തുക : 550000 (വികസനഫണ്ട് പൊതുവിഭാഗം - 350000, ബ്ലോക്ക് പഞ്ചായത്ത് വിഹിതം – 200000)
വൗച്ചർ നമ്പർ – 22101328 /15.12.21-350000 രൂപ, വികസനഫണ്ട് പൊതുവിഭാഗം
വൗച്ചർ നമ്പർ – 22001081/06.03.21-200000 രൂപ, ബ്ലോക്ക് പഞ്ചായത്ത് വിഹിതം

പദ്ധതിക്കായി മേൽപ്രകാരം നൽകിയ 550000 രൂപയ്ക്ക് എസ്.എൽ.ബി.പിയിൽ നിന്നും കൈപ്പറ്റു രശീതി ലഭ്യമായിട്ടില്ല. പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. [ഓഡിറ്റ് എൻക്വയറി നം.2/11.11.22]

## 1-43 വെറ്ററിനറി ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ പ്രൊജക്ട് - സ്റ്റോക്ക് രജിസ്റ്റർ അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ : വെറ്ററിനറി സർജൻ, പ്രോജക്ട് നം. 71/22
തുക : 200000
വൗച്ചർ നമ്പർ - 22100775 /19.10.21-41555 രൂപ ; ഇൻവോയ്സ് നം. 9949/ 25.09.21 വിഷ്ണ മെഡിക്കൽ ഏജൻസീസ്
വൗച്ചർ നമ്പർ -22100777 /19.10.21-19408 രൂപ ; ഇൻവോയ്സ് നം. G2265/ 09.10.21 മരിയ ഡ്രഗ്സ്
വൗച്ചർ നമ്പർ-22101443 /21.10.21-68149 രൂപ ; ഇൻവോയ്സ് നം. INV-000107/ 22.09.21 അസെർട്ട് ഫാമിംഗ് സൊല്യൂഷൻസ്
വൗച്ചർ നമ്പർ – 22101316/14.11.21 - 70888 രൂപ ; ഇൻവോയ്സ് നം. G000391/ 13.10.21 ജയ് മാരുതി അസോസിയേറ്റ്സ്
മേൽ പ്രകാരമുള്ള മരുന്നുകളുടെ സ്റ്റോക്ക് രജിസ്റ്റർ പരിശോധനയിൽ എക്സ്പയറി ഡേറ്റ് കഴിഞ്ഞിട്ടും വിതരണം നടത്താതെ സൂക്ഷിച്ചിരിക്കുന്നതായി കണ്ടു. ഓഡിറ്റ് തിയതിയിലും[11.11.22] എക്സ്പയറി കഴിഞ്ഞ പ്രസ്തുത മരുന്നുകളുടെ സ്റ്റോക്ക് നിലനിൽക്കുന്നതായി കാണുന്നു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| മരുന്നിന്റെ പേര്/എണ്ണം/ സ്റ്റോക്ക് തിയതി | ബാലൻസ്/അവസാനം വിതരണം നടത്തിയ തിയതി | എക്സ്പയറി തിയതി |
|---|---|---|
| MEGLU WELL/20NOS /13.10.21 | 10/14.10.21 | 9/22 |

| | | |
|---|---|---|
| MEDITRAX – TAZO/50NOS/13.10.21 | 21/31.1.22 | 8/22 |
| HEATOPREG VIAL DISPO PACK-2/20NOS/13.10.21 | 7/8.3.22 | 11/22 |
| FRAVIT-INJ/20NOS /22.9.21 | 9/23.11.21 | 12/22 |

ഓഡിറ്റ് എൻക്വയറിക്ക്[നം.3/11.11.22] മറുപടി ലഭ്യമാക്കിയില്ല. അപാകതക്ക് വിശദീകരണം രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്.

## 1-44 ഹെഡ്മിസ്ട്രസ്സ് നിർവ്വഹണം നടത്തിയ നീന്തൽ പരിശീലനം പദ്ധതി - മാർഗ്ഗരേഖ, പ്രോജക്ട് നിർദ്ദേശങ്ങൾക്ക് അനുസൃതമല്ലാത്ത നിർവ്വഹണം

നിർവ്വഹണ ഉദ്യോഗസ്ഥ : ഹെഡ്മിസ്ട്രസ്സ്
പ്രോജക്ട് നം: 96 / 22
കളിത്തട്ട് - കുട്ടികൾക്ക് നീന്തൽ പരിശീലനം
ചെലവ് : 120000 രൂപ
വൗച്ചർ നം: 22101415 / 21-3 - 22
കുട്ടികളുടെ നീന്തൽ പരിശീലനത്തിനായി അംഗീകൃത സ്ഥാപനവുമായി കരാറിലേർപ്പെടുന്ന, പരിശീലനത്തിനാവശ്യമായ സ്പോർട്സ് കിറ്റും ലൈഫ് ജാക്കറ്റും വാങ്ങി നൽകുന്ന ഇവയാണ് പ്രോജക്ടിന്റെ പ്രധാന ലക്ഷ്യവും പ്രവർത്തനവുമായി ആവിഷ്കരിച്ചിരിക്കുന്നത്. പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. 14.2.18 മുതൽ പ്രാബല്യത്തിലുള്ള സബ്സിഡി മാർഗ്ഗരേഖ സ.ഉ [കൈ] നം.22/18 ഖ. 7.6.15 ലാണ് ഗ്രാമ പഞ്ചായത്തിലെ നീന്തൽക്കുളവും നീന്തൽ പരിശീലനവും പ്രതിപാദിക്കുന്നത്. പ്രസ്തുത നിർദ്ദേശത്തിൽ വിദ്യാർത്ഥികൾക്ക് നീന്തൽ പരിശീലനം നൽകുന്നതിനുള്ള പരിശീലകരെ ഗ്രാമ പഞ്ചായത്ത് കണ്ടെത്തണം. പരിശീലകന്റെ അലവൻസ് , കുട്ടികൾക്കുള്ള സ്വിമ്മിംഗ് ഡ്രസ്സ്, റിഫ്രഷ്മെന്റ് ഉൾപ്പെടെയുള്ള ചെലവ് കണക്കാക്കി പ്രൊജക്ട് അംഗീകരിച്ച് നടപ്പാക്കാവുന്നതാണ്. ഇവിടെ പരിശീലനത്തിനായി 120000 രൂപ മാള ഹോളിഗ്രേസ് അക്കാദമിക്കു കൈമാറി പ്രൊജക്ട് നടപ്പിലാക്കുകയാണ് ഉണ്ടായത്. 100 കുട്ടികൾക്ക് 10 ദിവസം പരിശീലനം നൽകിയതായി അവകാശപ്പെടുന്നു. അറ്റന്റൻസ് ഹാജരാക്കിയിട്ടുണ്ടെങ്കിലും കുട്ടികൾക്ക് തൃപ്തികരമായ പരിശീലനം സിദ്ധിച്ചുവെന്ന് ബോദ്ധ്യപ്പെടുന്ന ഇതര രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. പരിശീലനകാര്യത്തിൽ മേൽ പറഞ്ഞ മാർഗ്ഗരേഖാനിർദ്ദേശം പാലിച്ചിട്ടില്ല. ഒരു കുട്ടിക്ക് 1200 ക വെച്ച് 100 പേർക്ക് 120000 രൂപ ഹോളിഗ്രേസ് അക്കാദമിക്ക് കൈമാറി. വിജയകരമായി പരിശീലനം പൂർത്തിയായവർക്ക് സർട്ടിഫിക്കറ്റ് നൽകിയതായി രേഖയില്ല.
6.12.21-ലെ 8 (1) തീരുമാനത്തിൽ പഞ്ചായത്ത് പരിധിയിൽ സുരക്ഷിതമായ നീന്തൽ കുളങ്ങൾ ഇല്ലാത്തതിനാൽ തൊട്ടടുത്ത പഞ്ചായത്തിലെ സുരക്ഷിതമായ നീന്തൽക്കുളങ്ങളിൽ പരിശീലനം നൽകുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥയെ ചുമതലപ്പെടുത്തി. ട്രെയിനിംഗ്, ഡ്രസ്സ്, ലഘു ഭക്ഷണം ട്രാൻസ്പോർട്ടേഷൻ എന്നിവയുൾപ്പെടെ 120000 രൂപ ചെലവു കാണിക്കുന്ന ഹോളിഗ്രേസ് അക്കാദമിയുടെ ഒരു കാഷ് റസിപ്റ്റ് 8862/ 20.3.22 ഫയലിലുണ്ട്. പ്രസ്തുത സ്ഥാപനവുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല. സ്പോർട്സ് കിറ്റും ലൈഫ് ജാക്കറ്റും വാങ്ങി നൽകണമെന്ന പ്രോജക്ട് വ്യവസ്ഥ പാലിച്ചിട്ടില്ല. പരിശീലനം നേടിയവർക്ക് സ്ഥാപനം സ്പോർട്ട്സ് കിറ്റും ലൈഫ് ജാക്കറ്റും നൽകിയതായി രേഖകളില്ല. മാർഗ്ഗരേഖ, പ്രോജക്ട് നിർദ്ദേശങ്ങൾക്ക് അനുസൃതമല്ലാത്ത നിർവ്വഹണ രീതി സ്വീകരിച്ചതിന് രേഖകൾ സഹിതം വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് [നം.10/15.11.12] ഓഡിറ്റിന് ഹാജരാക്കിയ രേഖകൾക്കു പുറമേ മറ്റു രേഖകൾ ഒന്നുമില്ലെന്നും തുടർന്നു നടത്തുന്ന പ്രൊജക്ടുകൾ നിർദ്ദേശങ്ങൾക്കുസൃതമായി നടപ്പിലാക്കുമെന്നും മറുപടി ലഭ്യമാക്കി.
വർക്കിംഗ് ഗ്രൂപ്പ് മിനിറ്റ്സിൽ പ്രസ്തുത പ്രോജക്ട് നിർവ്വഹണത്തെ കുറിച്ചോ ലക്ഷ്യപ്രാപ്തി സംബന്ധിച്ചോ ചർച്ച നടന്നതായി രേഖപ്പെടുത്തലില്ല. 28.5.22-ൽ നടന്ന വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ പഞ്ചായത്ത് പരിധിക്കുള്ളിൽ തന്നെ യോഗ, നീന്തൽ പരിശീലനത്തിനുള്ള പദ്ധതി എന്നിവ നടപ്പാക്കണമെന്ന ആശയം ഉയർന്നുവന്നിട്ടുണ്ട്. പഞ്ചായത്തു പരിധിയിലെ കുളങ്ങളിൽ നീന്തൽ പരിശീലനം സംഘടിപ്പിക്കാവുന്ന രീതിയിൽ സൗകര്യം ഒരുക്കുന്ന കാര്യം പരിഗണിക്കേണ്ടതാണ്. വിഷയത്തിൽ ഭരണ സമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു. [ഓഡിറ്റ് എൻക്വയറി നം.10/15.11.12]

## 1-45 പൂതിരുത്തി മുട്ടക്കടവ് റോഡ് മണ്ണ് ഫില്ലിംഗ് - അനുബന്ധ പ്രവൃത്തികൾ നടത്തിയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

പൂതിരുത്തി മുട്ടക്കടവ് റോഡ് എർത്ത് ഫില്ലിംഗ് വാർഡ് 12 [126/22] പ്രോജക്ട പ്രകാരം എർത്ത് ഫില്ലിംഗ് മാത്രമായി പ്രവൃത്തി നടത്തി ബിൽ നൽകിയിട്ടുണ്ട്.

എഗ്രിമെന്റ് നമ്പർ : 1 /AE /KZHR 21 - 22 Dt.3.12.21

കരാറുകാരൻ : T K ജയൻ

എം.ബി നം 60 / 21

Od 14 121962021 - 2022 Filling With Contractors Own Earth... എന്ന ഇനമാണ് ചെയ്തിട്ടുള്ളത്.

326 മീ നീളത്തിൽ 30 Cm കനത്തിൽ 5.45 മീ.വീതിയിൽ മൺ പ്രവൃത്തി നടത്താനാണ് ഉദ്ദേശിച്ചത്. പ്രസ്തുത റോഡിൽ GSB, ടാറിംഗ് തുടങ്ങിയ ഇനങ്ങൾ ചെയ്ത് റോഡ് പ്രവൃത്തി പൂർത്തിയാക്കുന്നതിന് പ്രോജക്ട് രൂപീകരിച്ചിട്ടുണ്ടെങ്കിൽ വിവരം ലഭ്യമാക്കേണ്ടതാണ്. പഞ്ചായത്തിന്റെ റോഡ് ഫണ്ട് താരതമ്യേന കുറവായതിനാൽ റോഡ് വർക്ക് പൂർത്തീകരണത്തിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി എം.എൽ.എക്ക് നൽകിയതായി ഓഡിറ്റ് എൻക്വയറിക്ക് [നം.18/18.11.22] മറുപടി നൽകി. മുഴുവൻ ഇനങ്ങളും ഉൾപ്പെടുത്തി സമയബന്ധിതമായി റോഡ് വർക്ക് പൂർത്തീകരിക്കാൻ സാധിക്കുന്ന സാഹചര്യമല്ലെങ്കിൽ മണ്ണ് ഫില്ലിംഗ് നടത്തിയതു കൊണ്ടുള്ള പ്രയോജനം ലഭിക്കാതെ വരുന്ന അവസ്ഥ ഒഴിവാക്കാമായിരുന്നു. ഇത്തരം അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-46 സഹൃദയ റോഡ് കലുങ്ക് നിർമ്മാണവും സൈഡ് കെട്ടി സംരക്ഷണവും വാർഡ് 10- dismantled Material ന്റെ വിനിയോഗ വിവരം അളവു പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസി.എഞ്ചിനീയർ

പ്രോജക്ട് നം. 40/ 22

സഹൃദയ റോഡ് കലുങ്ക് നിർമ്മാണവും സൈഡ് കെട്ടി സംരക്ഷണവും വാർഡ് 10

അടങ്കൽ തുക : 1149642

ചെലവ് : 670398 വി. ഫണ്ട്

വൗച്ചർ നം : 22101395/ 10.3.22

സഹൃദയ റോഡിൽ നിലവിലുള്ള കലുങ്ക് പൊളിച്ച് സമീപത്തുള്ള തോടിന്റെ ഒഴുക്കിനെ സുഗമമാക്കുന്നതിന് പുതിയ കലുങ്ക് സ്ഥാനവ്യതിയാനം വരുത്തി നിർമ്മിക്കുന്നതിനും കലുങ്കിനോടു ചേർന്നുള്ള റോഡ് സംരക്ഷിക്കുന്നതിനുമുള്ള പ്രൊവിഷൻസ് ഉൾപ്പെടുത്തിയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത്.

TS NO : 57 62 21 - 29.11.21

T S Amt. 1499000

Cl 35.59%,

Agmt.No.6/ AE/ KZHR 21 -22 Dt. 8.12.2 1

എം.ബിനം. 348/20 ,399/20, 84/22

അളവു പുസ്തകം നം.399/ 20 പേജ് 2,3,4,5 എസ്റ്റിമേറ്റ് ഇനം. 2,3 [2.5.1B,2.5.2.B] പ്രകാരം Dismantling Of Structures നടത്തി [2.82 + 1.08] ആകെ 3.9 M3 മെറ്റീരിയൽ ലഭ്യമായതിന്റെ വിനിയോഗവിവരം അളവു പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല. നിലവിലുള്ള കലുങ്ക് പൊളിച്ചു മാറ്റിയാണ് പുതിയത് നിർമ്മിക്കുന്നതെന്ന് എസ്റ്റിമേറ്റ് റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുള്ളതിനാൽ Dismantled Material ന്റെ വിനിയോഗ വിവരം രേഖപ്പെടുത്തേണ്ടതായിരുന്നു. നിലവിലുണ്ടായിരുന്ന കലുങ്ക് പൊളിച്ചു മാറ്റിയപ്പോൾ ലഭ്യമായ കോൺക്രീറ്റ് ഭാഗങ്ങൾ പ്രസ്തുത നിർമ്മാണവുമായി ബന്ധപ്പെട്ട റിംഗ് ബണ്ട് നിർമ്മാണത്തിന് ഉപയോഗിച്ചതായി ഓഡിറ്റ് എൻക്വയറിക്ക് [നം.19/18.11.22] മറുപടി ലഭ്യമാക്കി. പ്രവൃത്തി നടന്ന സമയത്തു തന്നെ അളവു പുസ്തകത്തിൽ വിവരം രേഖപ്പെടുത്താതിരുന്ന അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-47 മരാമത്തു പ്രവൃത്തികളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട ഭരണസമിതി തീരുമാനങ്ങൾ - തുടർ നടപടി വിവരം രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്.

1.4.3.2022 ലെ 2[8] തീരുമാനം അനുസരിച്ച് തിരുമുക്കളം മത്തുംപടി റോഡ് മെയിന്റനൻസ് വാർഡ് 11 [Proj.No:39/22] എന്ന പ്രവൃത്തിയുടെ നടത്തിപ്പിനായി എക്സവേറ്റ് ചെയ്ത് നീക്കം ചെയ്ത മണ്ണ് ചിറ്റേലിക്കുളം സൈഡ് കെട്ട്[Proj.No:122/22] എന്ന പ്രവൃത്തിയുടെ റോഡ് എഡ്ജിനും സൈഡ് കെട്ടിനും ഇടയിൽ ഫിൽ ചെയ്യുന്നതിന് ഉപയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് അസി.എഞ്ചിനീയറെ ചുമതലപ്പെടുത്തിയിരുന്നു.

തിരുമുക്കളം മത്തുംപടി റോഡ് മെയിന്റനൻസ് വർക്കിന്റെ അളവു പുസ്തകങ്ങൾ 27/ 21 പേജ് 3 പ്രകാരം 32.38 M3 മണ്ണും , പേജ് നം.29 പ്രകാരം 8.70 . M3 മണ്ണും അടക്കം 41.8 M3 മണ്ണ് എക്സ്കവേറ്റ് ചെയ്തിട്ടുണ്ട്. മണ്ണിന്റെ വിനിയോഗ വിശദാംശം ചിറ്റേലിക്കുളം വർക്കിന്റെ ഫയൽ രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്.

2. 8.6.21 ലെ 25[1] തീരുമാനപ്രകാരം കണ്ണിയങ്കാട്ടി കുളം ജല സംരക്ഷണം എന്ന ബ്ലോക്ക് വർക്കിന്റെ ഭാഗമായി ലഭ്യമായ ചെളി കലർന്ന മണ്ണ് 115 M3 മണ്ണ് കുളത്തിന് സമീപം നിക്ഷേപിച്ചത് ലേലം ചെയ്യുന്നതിനുള്ള നടപടി

സ്വീകരിക്കാൻ ബ്ലോക്ക് എ. ഇ ആവശ്യ പ്പെട്ടതനുസരിച്ച് നടപടി സ്വീകരിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിരുന്നു. തുടർ നടപടി വിവരം രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്.

3. കണ്ണിയങ്കാട്ടുകുളം നവീകരണം : 21.2.22 ലെ ഭരണ സമിതി തീരുമാനം നം. 5 [1]പ്രകാരം നിലവിലുള്ള കരിങ്കൽ കെട്ടിലെ കരിങ്കല്ലിന്റെ അളവ് കാണിക്കാതെ പുതിയതായി കരിങ്കൽ ഉപയോഗിച്ച് കെട്ടുന്നതിനുള്ള ടെണ്ടർ നടപടിയാണ് സ്വീകരിച്ചതെന്നും ഇതു മൂലം പഞ്ചായത്തിന് ഉദ്ദേശം നാലര ലക്ഷം രൂപ ഫണ്ട് നഷ്ടപ്പെടുന്നു എന്ന് കണക്കാക്കുന്നതായി രേഖപ്പെടുത്തിയിരിക്കുന്നു.

കണ്ണിയങ്കാട്ടുകുളം നവീകരണം, സൈഡ് കെട്ട് എന്ന പേരിൽ 3 സ്പിൽ ഓവർ പ്രൊജക്ടുകൾ[Pro.Nos:173/22,153 /22,167/22] തൻ വർഷം നിർവ്വഹണം നടത്തിയിട്ടുണ്ട്. കണ്ണിയങ്കാട്ടുകുളം നവീകരണത്തിന് 1510000 രൂപ അടങ്കലിൽ പുതിയ പ്രൊജക്ടുമുണ്ട്[205/22]. മേൽ പറഞ്ഞ 3 സ്പിൽ ഓവർ പ്രൊജക്ടുകളുടെയും എസ്റ്റിമേറ്റിൽ നിലവിലുള്ള കരിങ്കൽ കെട്ട് പൊളിക്കുന്നതിന് പ്രൊവിഷൻ ഉൾപ്പെടുത്തിയിട്ടില്ല.ഒരേ പ്രവൃത്തിക്ക് ഇപ്രകാരം 3 പ്രൊജക്ടുകൾ ആവിഷ്കരിക്കുന്നതിനു പകരം സമഗ്രമായി ഒറ്റ പ്രൊജക്ട് ആവിഷ്കരിക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ഭരണ സമിതി തീരുമാനത്തിന് ആധാരമായ പ്രവൃത്തി ഏതെന്ന് വ്യക്തമല്ല. ഈ സാഹചര്യത്തിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയ അസി.എഞ്ചിനീയർ രേഖകൾ സഹിതം വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

4.21.2.22 ലെ 5[1]തീരുമാനത്തിൽ സഹൃദയ റോഡ് സൈഡ് കെട്ടൽ ബാലൻസ് പോർഷൻ വാർഡ് - 10 എന്ന വർക്ക് ഭരണ സമിതിയുമായി ആലോചിക്കാതെ 499000 രൂപയുടെ എസ്റ്റിമേറ്റ് ഇ-ടെണ്ടർ ഒഴിവാക്കുന്നതിന് തയ്യാറാക്കിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഓഡിറ്റ് പരിശോധനയിൽ വാർഡ് 8 ലെ പായ് ഉരുത്ത് റോഡ് മെയിന്റനൻസ് എന്ന പ്രവൃത്തിയും 499000 രൂപ എസ്റ്റിമേറ്റ് ഉണ്ടാക്കി ഇ-ടെണ്ടറിൽ നിന്നും ഒഴിവാക്കിയതായി കാണുന്നു. മേൽ അപാകതകൾക്ക് വിശദീകരണം ഈ റിപ്പോർട്ടിന്റെ ആദ്യമറുപടിയോടൊപ്പം ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി[നം.22/ 18.11.22]

## 1-48 ടെണ്ടർ നടപടികൾ പൂർത്തിയാക്കി എഗ്രിമെന്റ് വരെ എത്തിയ പ്രവൃത്തികൾ ഉപേക്ഷിക്കുന്ന പ്രവണത ഒഴിവാക്കേണ്ടതാണ്.

2021-22 ൽ സ്പിൽ ഓവറായ പ്രവൃത്തികളിൽ തൻ വർഷവും നിർവ്വഹണം നടത്താത്ത പ്രവൃത്തികളുടെ തൽസ്ഥിതി വിവരം ആരാഞ്ഞു കൊണ്ടുള്ള ഓഡിറ്റ് എൻക്വയറിക്ക് [നം.13/16.11.22] വിവിധ കാരണങ്ങളാൽ പ്രൊജക്ടുകൾ ഉപേക്ഷിക്കാൻ തീരുമാനിച്ച ഭരണ സമിതി തീരുമാനം[6.4.22/2/2[2]] സഹിതം മറുപടി ലഭ്യമാക്കി.എന്നാൽ ടെണ്ടർ നടപടികൾ പൂർത്തിയാക്കി എഗ്രിമെന്റ് വെച്ച പ്രസ്തുത പ്രവൃത്തികൾ ഉപേക്ഷിക്കാനുള്ള കാരണം വ്യക്തമാക്കുന്ന രേഖകൾ ലഭ്യമാക്കിയില്ല. പ്രവൃത്തികളുടെ വിശദാംശം ചുവടെ ചേർക്കുന്നു. പ്രോജക്ട് എഗ്രിമെന്റ് തിയതി.

| | പ്രൊജക്ടിന്റെ പേര് | എഗ്രിമെന്റ് തിയ്യതി. |
|---|---|---|
| 1. | 136/22പാറപ്പുറം പൂത്തിരുത്തി മുട്ടക്കടവ് റോഡ് പുനരുദ്ധാരണം വാർഡ് 13 | 27.03.2018 |
| 2. | 138/22 കുഴൂർ കൃഷി ഭവൻ പുനരുദ്ധാരണ പ്രവൃത്തികൾ | 04.12.2019 |
| 3. | 143/22കരിക്കാട്ട് ചാൽ കൈ മുക്ക് ഇറിഗേഷൻ തോട് നവീകരണം | 11.03.2020 |
| 4. | 144/22 കുഴൂർ ഐരാണിക്കുളം.... സ്കൂളുകളിൽ ടോയ്ലറ്റ് നിർമ്മാണം | 27.05.2020 |
| 5. | 147/22 ഉമ്പരശ്ശേരി ഫ്രണ്ട്സ് റോഡ് കട്ടവിരിക്കൽ വാർഡ് 3 | 20.10.2020 |
| 6. | 159/22 വേലപ്പാടം പൊരിക്കട്ട തോട് നവീകരണം വാർഡ് 9 | 20.10.2020 |
| 7. | 64/22 മതിപ്പാടം-പുള്ളങ്കേരി തോട് നവീകരണം വാർഡ് 9 | 20.10.2020 |

മേൽ പറഞ്ഞവയിൽ 2018 ൽ എഗ്രിമെന്റ് വെച്ചവയുമുണ്ട്. പ്രോജക്ടുകൾ ഉപേക്ഷിക്കാനുള്ള കാരണം രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്. പ്രോജക്ടുകൾ ആസൂത്രണം ചെയ്ത് വിവിധ തലത്തിലുള്ള അംഗീകാരം നേടി ടെണ്ടർ നടപടികൾ പൂർത്തിയാക്കി എഗ്രിമെന്റ് വെക്കുന്നതു വരെയുള്ള പ്രകിയയിൽ ചെലവാക്കപ്പെടുന്ന പൊതു പണവും മനുഷ്യദ്ധ്വാനവും നിഷ്ഫലമാകാൻ ഇടവരുത്തുന്നത് പരമാവധി ഒഴിവാക്കേണ്ടതാണ്.

വിഷയത്തിൽ ഭരണസമിതിയുടെ ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 200000 | 127/22 നെയ്യുണ്ണിപ്പറമ്പ് LI എക്സ്റ്റൻഷൻ | 133981 | 66019 |
| | | 200000 | 72/22 കന്നുകുട്ടി പരിപാലനം വനിത ജനറൽ | 200000 | 0 |
| | | 118295 | 132/22 കോവിഡ് പ്രതിരോധം PHC യിലേക്ക് മരുന്നുകളും ഉപകരണങ്ങളും വാങ്ങൽ | 118295 | 0 |
| | | 209700 | 57/22 ഭിന്നശേഷി ക്കാർക്ക് സ്കോളർഷിപ്പ് | 209700 | 0 |
| | | 200000 | 2/22 പാലിന് സബ്സിഡി | 200000 | 0 |
| | | 210000 | 80/22 നെൽകൃഷി വികസന പദ്ധതി | 210000 | 0 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 300000 | 14 അങ്കണവാടി പോഷകാഹാരം | 300000 | 0 |
| | | 290997 | 176 ഭിന്നശേഷിക്കാർക്ക് സൈഡ് വീലോടു കൂടിയ മുച്ചക്രവാഹനം | 290997 | 0 |
| | | 250000 | 57/22 ഭിന്നശേഷി ക്കാർക്ക് സ്കോളർഷിപ്പ് | 250000 | 0 |
| | | 250000 | 2/22 പാലിന് സബ്സിഡി | 250000 | 0 |
| | | 400000 | 80/22 നെൽകൃഷി വികസന പദ്ധതി | 400000 | 0 |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവർത്തിയുടെ പേര് | വൗച്ചർ നം./ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ [Project No:98/22] | 22100951/ 20-1-22 | 700000 | - | 700000 UC ലഭ്യമായിട്ടില്ല. |
| | മിനി മാസ്റ്റ് ലൈറ്റുകൾക്ക് കണക്ഷൻ ചാർജ് അടവാക്കൽ. [Project No:241/22] | 22101271/30.3.22 | 21288 | - | 21288 UC ലഭ്യമായിട്ടില്ല. |
| | പഞ്ചായത്ത് ഗ്രൗണ്ടിലേക്ക് ഇല. കണക്ഷന് അഡ്വാൻസ് ഡെപ്പോസിറ്റ് | 22000708/1.6.21 | 4071 | - | 4071 UC ലഭ്യമായിട്ടില്ല. |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| KURDFC | GO[MS]NO.68/2018 LSGD DT.18.05.2018 | 4258167 | 3394667 | 322667 | | 3072000 |

## 4-5 സ്ഥിരനിക്ഷേപം

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിൽ നിന്നും വിവരങ്ങൾ ലഭ്യമാക്കിയില്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 61709724.00 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 62488960.00 |

| | |
|---|---|
| ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | - |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല.

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഇല്ല.

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

ഇല്ല.

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

ഓഡിറ്റ് അദാലത്തിന് ശേഷം ഇനി തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളും ഖണ്ഡികകളും

| ക്രമ നം. | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് റിപ്പോർട്ട് നമ്പർ | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ ആകെ എണ്ണം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ | റിമാർക്സ് (CAR/CASE/CH/ SCH) |
|---|---|---|---|---|---|
| 1 | 1998-99 | LFT13-1539/2000 Dt. 6.2.01/7.3.01 | 2 | 38-RR, 43 | |
| 2 | 1999-00 | LFT13-1371/2002 Dt. 16.11.02 | 1 | 20 | CAR |
| 3 | 2004-05 | LFT13-2210/07 Dt. 30.9.08/22.10.08 | 1 | 3-1 | |
| 4 | 2005-06 | LFT13-2358/07 Dt. 30.9.08/22.10.08 | 1 | 3-2 | |
| 5 | 2007-08 | LFT13-640/10 Dt. 31.3.11/7.9.11 | 3 | 3-5, 3-6, 3-7(1,2,4,5,6) | |
| 6 | 2008-09 | LFT14-1259/11 Dt. 17.10.11 | 1 | 3-3 | |
| 7 | 2011-12 | LFTP4-1401/13 Dt. 9.12.13/13.1.14 | 3 | 3-4, 3-6, 3-11 | |
| 8 | 2013-14 | KSA-TSR-P4-1327/15 Dt. 3.11.15/7.11.15 | 3 | 3-3, 3-5, 3-7(2) | |
| 9 | 2014-15 | KSA-TSR- | 10 | 2-1, 2-2, 2-5, | 2-5 CAR |

| | | | | | |
|---|---|---|---|---|---|
| | | P4-1211/16, Dt. 24.7.16 | | 3-2, 3-5, 3-7, 3-12, 3-13, 3-14, 3-15 | |
| 10 | 2015-16 | KSA-TSR-P4-92/17 Dt. 27.1.17 | 12 | 2-1, 2-3, 2-4, 2-5, 2-6, 2-7, 2-8, 3-4, 3-6, 3-8, 3-13, 3-14 | |
| 11 | 2016-17 | KSA-TSR-P4-1227/17 Dt. 31.7.17 | 5 | 2-2, 3-3, 3-6, 3-8, 3-11 | |
| 12 | 2017-18 | KSA-TSR-P4-730/19 Dt. 13.6.19 | 1 | 3-5 ലെ ക്രമ നമ്പർ 3, 4 | |
| 13 | 2018-19 | KSA-TSR-P4-1754/19 Dt. 18.12.19 | 19 | 1-9, 1-10, 1-11, 1-12, 1-13, 1-14, 1-15, 1-17, 1-18, 1-19, 1-20, 1-21, 1-22, 1-23, 1-24, 1-25, 1-27, 1-30, 1-31 | |
| 14 | 2019-20 | KSA-TSR-P5-1063/21 Dt. 21.03.22 | 39 | 1-1 മുതൽ 1-30 വരെ, 3-1, 4-1, 4-2, 4-3, 4-4, 4-5, 4-6, 4-7, 4-10 | |
| 15 | 2020-21 | KSA-TSR-P5-1064/21 Dt. 22.03.22 | 56 | 1-1 മുതൽ 1-45 വരെ, 3-1, 4-1, 4-2, 4-3, 4-4, 4-5, 4-6, 4-7, 4-8, 4-9, 4-10 | |
| | ആകെ | | 157 | | |

ഡെപ്യൂട്ടി ഡയറക്ടർ (ഹ. ഗ്രേ.)
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തൃശ്ശൂർ ജില്ലയിലെ കുഴൂര് ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശ്ശൂർ ജില്ലയിലെ കുഴൂര് ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്